

വാർത്തകളും കുറിപ്പുകളും

ആദ്യഫല പെരുന്നാൾ 2026

2026 വർഷത്തെ ആദ്യഫല പെരുന്നാൾ 2026 ഡിസംബർ മാസത്തെ ആദ്യ ഞായർ (06-12-2026) നടത്തുവാൻ തീരുമാനിച്ചിരിക്കുകയാണല്ലൊ. രാവിലെ 7 മണിക്കുള്ള സംയുക്താരാധനയോടെ ആരംഭിക്കുന്ന ആദ്യഫല പെരുനാളിൽ തുടർന്നുള്ള പ്രഭാതഭക്ഷണം, ലേലം, വിവിധ സംഘടനകളുടെ നേതൃത്വത്തിൽ നടത്തുന്ന സ്റ്റാളുകൾ, ഗെയിംസ്, ഉച്ചഭക്ഷണം, തുടർ ലേലം എന്നിവ പതിവുപോലെ ഉൾപ്പെടുത്തിയിട്ടുണ്ട്. കഴിഞ്ഞ ഒരു വർഷക്കാലം ദൈവം നമ്മെ കാത്ത് പരിപാലിച്ച് വഴിനടത്തി നൽകിയ അനുഗ്രഹങ്ങൾക്ക് നന്ദി അർപ്പിക്കുവാനുള്ള ഒരു അവസരമായി കണ്ട് എല്ലാവരും ഏറ്റവും കുറഞ്ഞത് തങ്ങളുടെ വ്യക്തിഗത പ്രതിമാസ വരുമാനത്തിന്റെ ദശാംശം സ്തോത്രദാനമായി അർപ്പിക്കുവാൻ അഭ്യർത്ഥിക്കുന്നു. ആദ്യഫല പെരുന്നാളിന്റെ വിജയകരമായ നടത്തിപ്പിനായി ശ്രീമതി അൾസൺ ജോർജ്, ശ്രീ. ജേക്കബ് തോമസ്, ശ്രീ.സുധീപ് എബ്രഹാം എന്നിവരെ കൺവീനർമാരായി നിയോഗിച്ചിട്ടുണ്ട്. എല്ലാ സഭാജനങ്ങളുടെയും പ്രാർത്ഥനയും സഹകരണവും അഭ്യർത്ഥിക്കുന്നു.

പള്ളിയും പരിസരവും ശുചിയാക്കൽ

ക്രൈസ്റ്റ് ചർച്ച് കമ്മറ്റിയുടെ സഹകരണത്തോടെ എക്കോളജി ഫോറത്തിന്റെ നേതൃത്വത്തിൽ ഒക്ടോബർ പത്താം തീയതി പള്ളിയും പരിസരവും ശുചിയാക്കൽ നടന്നു. ഈ വാർഷിക പരിപാടിയിൽ നിരവധി സഭാജനങ്ങൾ പങ്കെടുത്തു. ഏവർക്കും നന്ദി.

സൺഡേ സ്കൂൾ താലന്തുത്സവം

ഒക്ടോബർ പത്താം തീയതി കോട്ടയം പള്ളം ബുക്കാനൻ സ്കൂളിൽ നടന്ന സൺഡേ സ്കൂൾ ഡിയോസിസൻ താലന്തുത്സവത്തിൽ അടൂർ ജില്ല 114 പോയിന്റോടെ രണ്ടാം സ്ഥാനം കരസ്ഥമാക്കി. പങ്കെടുത്ത നമ്മുടെ എല്ലാ സൺഡേ സ്കൂൾ കുട്ടികൾക്കും അവരെ പരിശീലിപ്പിച്ച അധ്യാപകർക്കും അഭിനന്ദനങ്ങൾ.

സൺഡേ സ്കൂൾ ക്യാമ്പ്

2026-ലെ സൺഡേ സ്കൂൾ ക്യാമ്പ് ഒക്ടോബർ മാസം 18,19,20 തീയതികളിൽ, മണ്ണന്തല യൂഹാനോൻ മാർത്തോമാ സ്റ്റഡി സെന്ററിൽ വച്ച് നടത്തപ്പെട്ടു. എഴുപത്തഞ്ചോളം സൺഡേ സ്കൂൾ കുട്ടികൾ ക്യാമ്പിൽ പങ്കെടുത്തു. യൂത്ത് ഫോർ ക്രൈസ്റ്റ് ടീമിനൊപ്പം ക്രൈസ്റ്റ് ചർച്ച് യൂത്ത് മൂവ്മെന്റും ക്യാമ്പിന് നേതൃത്വം നൽകി.

കയർ ഫെസ്റ്റിവലും വാർഷിക റിട്രീറ്റും

അടൂർ ഡിസ്ട്രിക്ട് കോറിസ്റ്റേഴ്സ് അസോസിയേഷന്റെ ആഭിമുഖ്യത്തിലുള്ള വാർഷിക റിട്രീറ്റും കയർ ഫെസ്റ്റിവലുംഒക്ടോബർ ഇരുപത്തി ഒന്നാം തീയതി നമ്മുടെ ദേവാലയത്തിൽ വച്ച് നടന്നു. ക്രൈസ്റ്റ് ചർച്ച് ഇടവക വികാരി തോമസ് പായിക്കാടച്ചന്റെ അധ്യക്ഷതയിൽ ചേർന്ന ചടങ്ങിൽ അടൂർ വൈദിക ജില്ലാ ചെയർമാൻ ജിജി ജോസഫ് അച്ചൻ ഉദ്ഘാടനം നിർവഹിച്ചു. അടൂർ വൈദിക ജില്ലയിലെ വൈദികർ, സഭാ പ്രവർത്തകർ, കയർ മാസ്റ്റർമാർ, ഗായക സംഘങ്ങൾ എന്നിവർ പങ്കെടുത്തു. ഈ പരിപാടിക്ക് ആദിത്യം വഹിക്കാൻ നമ്മുടെ സഭക്ക് സാധിച്ചതിൽ സഭാംഗങ്ങളോടൊപ്പം ക്രൈസ്റ് ചർച്ച് കമ്മറ്റിയും അഭിമാനിക്കുന്നു.

നവംബർ ഒന്ന് അഖിലലോക സൺഡേ സ്കൂൾ ഞായർ ആയി ആചരിക്കുന്ന അവസരത്തിൽ നമ്മുടെ സൺഡേ സ്കൂളുകളുടെ ചരിത്രത്തിലേക്കൊന്നു കണ്ണോടിക്കാം. ഇംഗ്ലണ്ടിലെ റോബർട്ട് റാക്സ് കുട്ടികളെ ബൈബിൾ കഥകൾ ക്രമീകൃതമായി പഠിപ്പിക്കാൻ നടത്തിയ ശ്രമങ്ങളുടെ ഫലമായി 1780-ൽ സൺഡേ സ്കൂൾ എന്ന പേരിൽ ഒരു സംഘടന രൂപപ്പെട്ടു. ഏതാനും വർഷങ്ങൾക്കുള്ളിൽ, അത് പല രാജ്യങ്ങളിലേക്ക് വ്യാപിക്കുകയും 1790 ആയപ്പോഴേക്കും ഏകദേശം 3 ലക്ഷം വിദ്യാർത്ഥികൾ സൺഡേ സ്കൂൾ വിദ്യാർത്ഥികളായി മാറുകയും ചെയ്തു. 1808-ൽ ലോക സൺഡേ സ്കൂൾ യൂണിയൻ രൂപീകരിക്കപ്പെടുകയും 1876-ൽ അലഹബാദിൽ ഇന്ത്യ സൺഡേ സ്കൂൾ യൂണിയൻ പ്രവർത്തനം ആരംഭിക്കുകയും ചെയ്തു.

1878-1880 കാലഘട്ടത്തിൽ റവ. ഡബ്ല്യു. സ്കോട്ട് തിരുവനന്തപുരത്ത് ക്രൈസ്റ്റ് ചർച്ച് സൺഡേ സ്കൂൾ ആരംഭിച്ചു. മഹാരാജാസ് കോളേജി

ലായിരുന്നു ഇത് പ്രവർത്തിച്ചിരുന്നത്. കുറച്ചു വർഷങ്ങൾ ബ്രിട്ടീഷു കാരുടെ കുട്ടികൾക്കായിട്ടാണ് ഇത് നടത്തിയിരുന്നത്. ഇംഗ്ലീഷ്, തമിഴ്, മലയാളം വിഭാഗങ്ങളിൽ നിന്നുള്ള കുട്ടികൾക്ക് പിന്നീട് സൺഡേ സ്കൂളിൽ പ്രവേശനം ലഭിച്ചു. ആംഗ്ലിക്കൻ ക്രൈസ്റ്റ് ചർച്ചും പാറ്റൂ രിലെ മാർത്തോമ ചർച്ചും സംയുക്തമായി 1920 മുതൽ യുണൈറ്റഡ് സൺഡേ സ്കൂൾ നടത്തിയിരുന്നു 1970 ഒക്ടോബർ വരെ യുണൈറ്റഡ് സൺഡേ സ്കൂൾ പ്രവർത്തിച്ചു.

ഇപ്പോൾ എല്ലാ ഞായറാഴ്ചകളിലും രാവിലെ പള്ളി കോമ്പൗ ണ്ടിലെ സെന്റിനറി ഹാളിലാണ് സൺഡേ സ്കൂൾ ക്ലാസുകൾ നടക്കു ന്നത്. ഹയർ സെക്കൻഡറി സ്കൂൾ തലം വരെയുള്ള കുട്ടികൾക്കായി ഇംഗ്ലീഷ്, മലയാളം മീഡിയം ക്ലാസുകൾ നടത്തുന്നു. കുട്ടികളിലും മുതിർന്നവരിലും ശക്തമായ ആത്മീയ അടിത്തറ കെട്ടിപ്പടുക്കുന്നതിനും, ജീവിതകാലം മുഴുവൻ നീണ്ടുനിൽക്കുന്ന വിശ്വാസ വളർച്ചയെ പിന്തുണയ്ക്കുന്നതിനും സൺഡേ സ്കൂൾ പഠനം അത്യന്താ പേക്ഷിതമാണ്. മാതാപിതാക്കളുടെയും കുട്ടികളുടെയും ഈ തിരി ച്ചറിവ് സഭക്കും വിശ്വാസ സമൂഹത്തിനും ശക്തി പകരട്ടെ എന്ന് നമുക്ക് പ്രാർത്ഥിക്കാം.

ആദരവോടെ,

ബിജു മാത്യു
സെക്രെട്ടറി

MARRIAGE

Ann Lilly Benjamin D/o Mr.Benjamin George and Mrs. Elizabeth Benjamin, Kuttiyil Ann Villa, Perrorkada, Thiruvananthapuram and **Joshi Vincent** S/o Mr. Vincent D and Mrs. Latha Vincent, Celestial1A, RNRA A68, Rajiv Nagar, Thiruvananthapuram on 15th October 2026.

Dr Jose Thomas S/o Mr. T J Thomas & Mrs. Rosama Thomas, Deepika-House, Thirumala, Trivandrum and **Dr Abina Thomson** D/O Thomson Jose K & Dolly Abraham, Kannappilli house, Mulamthurathi, Ernakulam on 19th October 2026